Draft #1 of File 24974/AD B5/3/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 03-Oct-2019 03:47 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണവിഭാഗം-ഭിന്നശേഷിയുള്ളവർക്ക് പ്രത്യേക വാഹന പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം ബി 5 സെക്ഷൻ**

നമ്പർ. 4770/AD B 5/2019/എം.ജി.യു   പ്രിയദർശിനി ഹിൽസ്,തീയതി: 10.10.2019

---

പരാമർശം:-1.സ്റ്റേറ്റ് റോഡ് സുരക്ഷാ കമ്മീഷണറുടെ 05-12-2014 ലെ എ2/446/കെ.ആർ.എസ്.എ/2014 നമ്പർ കത്ത്

2.ഡോ.പി.റ്റി ബാബുരാജ് (സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ഓൺ ഡിസെബിലിറ്റി ,ഗവണ്മെന്റ് ഓഫ് കേരള ,എക്സ്പെർട്ട് മെംബർ ) 03.07.2019 ൽ നൽകിയ സമർപ്പണം

**ഉത്തരവ്**

മേൽ സൂചന (1)പ്രകാരം എല്ലാ ഗവണ്മെന്റ് വകുപ്പുകൾ / ബോർഡുകൾ / കമ്പനികൾ എന്നിവയുടെ ഓഫീസുകളിൽ ഭിന്നശേഷിയുള്ളവർക്ക് പ്രേത്യേക വാഹന പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും വാഹനം പാർക്ക് ചെയ്യാനുള്ള സ്ഥലം നീല നിറത്തിൽ സീബ്രാ ലൈൻ മാർക്ക് ചെയ്തു ഒരുക്കികൊടുക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.സർവ്വകലാശാലാ ഭരണവിഭാഗത്തിൽ ജോലിചെയ്യുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ഓഫീസ് പരിസരത്തുതന്നെ അവരുടെ വാഹനം പാർക്കുചെയ്യുന്നതിന് നീലവരയിൽ അടയാളപ്പെടുത്തി വേർതിരിച്ചുനൽകണമെന്നാവശ്യപ്പെട്ട് മേൽ സൂചന (2) പ്രകാരം സമർപ്പണം നൽകിയിരുന്നു. ഭരണവിഭാഗം ബ്ളോക്കിന്റെ നമ്പർ 2 ഗേറ്റിൻറെ സമീപത്തും അതിനെതിർവശത്തായി പോർച്ചിന്റെ ഒരു ഭാഗത്തും ഭിന്നശേഷിക്കാർക്കായി വാഹനം പാർക്ക് ചെയ്യുന്നതിന് നീലവരയിൽ അടയാളപ്പെടുത്തി വേർതിരിച്ച് നൽകാവുന്നതാണെന്ന് സെക്യൂരിറ്റി ഓഫീസർ രജിസ്ട്രാർ സമക്ഷം റിപ്പോർട്ട് നൽകിയിരുന്നു.

ആയതിനാൽ

ഭിന്നശേഷിയുള്ളവർക്ക് ഭരണവിഭാഗം ബ്ളോക്കിൻറെ നമ്പർ 2 ഗേറ്റിന്റെ സമീപത്തും അതിനെതിർവശത്തായി പോർച്ചിന്റെ ഒരു ഭാഗത്തും വാഹനം പാർക്ക് ചെയ്യുന്നതിന് നീലവരയിൽ അടയാളപ്പെടുത്തി വേർതിരിച്ച് നൽകുന്നതിനു ബഹു :വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

വെങ്കിടേശ്വരൻ ആർ

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസിലറുടെ പി.എസ്

2.പ്രോവൈസ്ചാൻസിലറുടെ പിഎസ്

3.രജിസ്ട്രാറുടെ പി.എ

4.ഫിനാൻസ് ഓഫീസറുടെ പിഎ

5.ജോയിൻറ് രജിസ്ട്രാർ (1) ഭവി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 24974/AD B5/3/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 03-Oct-2019 03:47 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം